മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

B.Ed പ്രവേശന യോഗ്യത - ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ B.A. Triple Main (English, Journalism, Psychology) B.Ed (English Optional) -ന്റെ പ്രവേശന യോഗ്യതയായി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ XII സെക്ഷൻ

സ.ഉ.നം.7586/AcAXII/1/140/B.Ed. Eligibility/2018 തീയതി, പി.ഡി.ഹിൽസ്, 24.10.2018

---

പരാമർശം : 1) Smt. Zainab Bai 07.06.2018 ൽ സമർപ്പിച്ച അപേക്ഷ.
2) ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ 31.07.2018 ൽ നൽകിയ കത്ത്.
3) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (എഡ്യൂക്കേഷൻ-യു.ജി) 24.9.2018 ൽ നൽകിയ കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.എഡ് പ്രോഗ്രാമിന്റെ നിലവിലെ പ്രോസ്പെക്ടസ് അനുസരിച്ച് B.A. Degree with English Language & Literature/Functional English/ B.A Communicative English with 50% (CGPA-2)- marks in Part-III ആണ് ബി.എഡ്. (ഇംഗ്ലീഷ്) പ്രോഗ്രാമിന് പ്രവേശന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ B.A. Triple Main (English, Journalism, Psychology) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതിനാലും തത്തുല്യമായ കോഴ്സുകൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടക്കുന്നതിനാലും ബി.എഡ് (ഇംഗ്ലീഷ് ഓപ്ഷണൽ) പ്രവേശനത്തിനുള്ള യോഗ്യത ബിരുദങ്ങളുടെ പട്ടികയിൽ B.A. Triple Main (English, Journalism, Psychology) ഉൾപ്പെടുത്തണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യൂക്കേഷൻ - യു.ജി), ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ എന്നിവർ ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ B.A. Triple Main (English, Journalism, Psychology) എന്ന പ്രോഗ്രാം ബി.എഡ് (ഇംഗ്ലീഷ് ഓപ്ഷണൽ) പ്രവേശന യോഗ്യതയുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985, അധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ. ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കു വേണ്ടി

(മുദ്ര)

പകർപ്പ്

1. വി.സി/പി.വി.സി എന്നിവരുടെ പി.എസ്-മാർ
2. രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ മാർ
3. ഡീൻ ഫാക്കൽറ്റി ഓഫ് എഡ്യുക്കേഷൻ
4. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് (എഡ്യുക്കേഷൻ - യു.ജി)
5. AR III/ JR II/DR II (Acad)
6. JR II (Exam)
7. Ac.A VIII Section
8. EI-V/EI-VI/EI-XXVI Sections
9. EB Sections
10. റെക്കോർഡ്സ് സെക്ഷൻ/കണ്ടന്റ് മാനേജ്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.)
11. എസ്.എഫ്/എഫ്.സി